# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2120 18.07.16 -ലെ മറുപടിയ്ക്ക്

**അൺ എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>,, എ. എൻ. ഷംസീർ<br>,, ഡി.കെ. മുരളി<br>,, യു. ആർ. പ്രദീപ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിലും പൊതു വിദ്യാഭ്യാസ വകുപ്പിലും നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ചും അഴിമതികളെക്കുറിച്ചും സമഗ്രാന്വേഷണം നടത്താൻ തയ്യാറാകുമോ; | (എ) | ഇക്കാര്യം പരിശോധനാവിധേയമാക്കികൊണ്ടിരിക്കുകയാണ്. . |
| (ബി) | അൺ എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നുവെന്നും ഇതേ മാനദണ്ഡ പ്രാകാരമായിരുന്നോ പുതിയ എയിഡഡ് കോളേജുകൾ അനുവദിച്ചതെന്നും വ്യക്തമാക്കുമോ; | (ബി) | ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അൺ എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നത്.<br><br>പുതിയ എയ്ഡഡ് കോളേജുകൾ അനുവദിച്ചത് മുൻ സർക്കാരിന്റെ തീരുമാനമാണ്. |
| (സി) | അനർഹമായി എയ്ഡഡ് പദവി നേടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കാനും ഇത്തരത്തിൽ ഉത്തരവിറക്കിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോയെന്നും വ്യക്തമാക്കുമോ; | (സി) | പരിശോധിച്ചുവരികയാണ്. |
| (ഡി) | ബഡ്സ് സ്കൂൾ ഉൾപ്പടെയുള്ള സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയതിനെക്കുറിച്ചുള്ള പരാതി പരിശോധിച്ചിരുന്നോ; ആയതിന്റെ കണ്ടെത്തൽ എന്തായിരുന്നെന്ന് അറിയിക്കാമോ? | (ഡി) | ബഡ്സ് സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് സർക്കാർ ഉത്തരവായിട്ടില്ല. |

Saradadevi

സെക്ഷൻ ഓഫീസർ